# മധുരമായ കുട്ടികളേ - ഈ പഠിപ്പ് വളരെ ചെലവ് കുറഞ്ഞതും സഹജവുമാണ്, പദവിയുടെ ആധാരം ദരിദ്രനോ ധനവാനോ എന്നതല്ല, പഠിപ്പിന്റെ ആധാരത്തിലാണ്, അതുകൊണ്ട് പഠിപ്പിൽ പൂർണ്ണമായും ശ്രദ്ധ കൊടുക്കണം

**ചോദ്യം:-** ജ്ഞാനിതൂ ആത്മാവിന്റെ ആദ്യലക്ഷണം ഏതാണ്?
**ഉത്തരം:-** അവർ എല്ലാവരോടും വളരെ മധുരമായി വ്യവഹാരം ചെയ്യും. ചിലരോടു സുഹൃത്ത്, ചിലരോടു ശത്രുത വെക്കുന്നത് ജ്ഞാനിതൂ ആത്മാവിന്റെ ലക്ഷണമല്ല. ബാബയുടെ ശ്രീമതമാണ് - കുട്ടികളേ, അതിമധുരമായി മാറൂ. പ്രാക്ടീസ് ചെയ്യൂ - ഞാൻ ആത്മാവ് ഈ ശരീരത്തെ ചലിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ എനിക്ക് വീട്ടിലേക്ക് പോകണം.

**ഗീതം:-** അങ്ങ് സ്നേഹത്തിന്റെ സാഗരനാണ്....

**ഓം ശാന്തി** - കുട്ടികൾ ആരുടെ മഹിമ കേട്ടു? നിരാകാരനായ പരിധിയില്ലാത്ത അച്ഛന്റെ. ബാബ ജ്ഞാനത്തിന്റെ സാഗരൻ ഉയർന്നതിലും ഉയർന്നതാണ്, ബാബയെയാണ് ഉയർന്നതിലും ഉയർന്ന പിതാവെന്ന് പറയുന്നത്. പരമമായ ശിക്ഷകനും ജ്ഞാനത്തിന്റെ സാഗരനെന്നും പറയപ്പെടുന്നു. ഇപ്പോൾ നിങ്ങൾ മനസ്സിലാക്കി ഈ മഹിമ നമ്മുടെ ബാബയുടേതാണ്. ബാബയിലൂടെ നിങ്ങൾ കുട്ടികൾക്കും അതേ അവസ്ഥയുണ്ടാക്കണം. ബാബ ഏറ്റവും ഉന്നതനായ പിതാവാണ്. ഒരു സാധു-സന്യാസിയല്ല. പരിധിയില്ലാത്ത ബാബ നിരാകാരനായ പരംപിതാ പരമാത്മാവാണ്. നിങ്ങൾ കുട്ടികളുടെ ബുദ്ധിയിലുണ്ട് ബാബ പരിധിയില്ലാത്ത മാതാവും പിതാവും പതിയും എല്ലാമാണ്. എന്നിട്ടും ലഹരി സ്ഥിരമായിട്ടുണ്ടാകുന്നില്ല. ഇടക്കിടെ കുട്ടികൾ മറക്കുന്നു. ഇത് ഉയർന്നതിലും ഉയർന്ന അതിമധുരമായ ബാബയാണ്, ആ ബാബയെയാണ് എല്ലാവരും അരകൽപമായി ഓർമ്മിക്കുന്നത്. ലക്ഷ്മീനാരായണനെ ഇത്രയും ഓർമ്മിക്കുന്നില്ല. ഭക്തരുടെ ഭഗവാൻ ഒരേയൊരു നിരാകാരനാണ്, ഭഗവാനെയാണ് എല്ലാവരും ഓർമ്മിക്കുന്നത്. ചിലർ ലക്ഷ്മീനാരായണനെ, ചിലർ ഗണേശനെ അംഗീകരിക്കുന്നവരായിരിക്കും. എന്നിട്ടും വായിലൂടെ അല്ലയോ ഭഗവാനേ, ഈ വാക്ക് വരും. അല്ലയോ പരമാത്മാവേ എന്ന വാക്ക് എല്ലാവരുടേയും വായിൽ നിന്ന് വരുന്നു. ആത്മാവ് പരമാത്മാവിനെയാണ് ഓർമ്മിക്കുന്നത്. ഭൗതിക ഭക്തൻ ഭൗതികവസ്തുവിനെ ഓർമ്മിക്കുന്നു, എങ്കിലും ആത്മാവ് ഇത്രയും പിതാവ്രതയാണ് തന്റെ പിതാവിനെ തീർച്ചയായും ഓർമ്മിക്കുന്നു. ദുഃഖത്തിൽ പെട്ടെന്ന് പറയുന്ന വാക്കാണ് അല്ലയോ പരമാത്മാവേ എന്ന്. എല്ലാവരും മനസ്സിലാക്കുന്നുണ്ട് പരമാത്മാ നിരാകാരനാണെന്ന്. പക്ഷേ പരമാത്മാവിന്റെ മഹത്വം അറിയുന്നില്ല. ഇപ്പോൾ നിങ്ങൾ മഹത്വം അറിഞ്ഞു, ഇപ്പോൾ ബാബ നമ്മുടെ സന്മുഖത്തേക്ക് വന്നിരിക്കുകയാണ്. ബാബ സ്വർഗ്ഗത്തിന്റെ രചയിതാവാണ്. നമ്മളെ സന്മുഖത്ത് പഠിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഇത് ഒരൊറ്റ പഠിപ്പാണ്. ഭൗതികമായ പഠിപ്പുകൾ പല തരത്തിലുണ്ടാകും. ചിലരുടെ മനസ്സ് പഠിപ്പിൽ നിൽക്കുന്നില്ല, അപ്പോൾ ഉപേക്ഷിച്ച് പോകാറുണ്ട്. ഇവിടെ ഈ പഠിപ്പിൽ പൈസയുടെയൊന്നും കാര്യമില്ല. ഗവൺമെന്റ് പോലും ദരിദ്രരെ ഫ്രീയായി പഠിപ്പിക്കാറുണ്ട്. ഈ പഠിപ്പും ഫ്രീയായ പഠിപ്പാണ്, ഫീസൊന്നും ഇല്ല. ബാബയെ പാവപ്പെട്ടവരുടെ നാഥനെന്ന് പറയുന്നു. ദരിദ്രർ തന്നെയാണ് പഠിക്കുന്നത്. ഈ പഠിപ്പ് വളരെ സഹജവും ചെലവ് കുറഞ്ഞതുമാണ് . മനുഷ്യർ സ്വയത്തെ ഇൻഷ്വർ ചെയ്യാറുണ്ട് ഇവിടെ നിങ്ങളും ഇൻഷ്വർ ചെയ്യുന്നു. പറയാറുണ്ട് ബാബ അങ്ങ് ഞങ്ങൾക്ക് സ്വർഗ്ഗത്തിൽ 21 ജന്മത്തിലേക്കുള്ള ആസ്തി നൽകൂ എന്ന്. ഭക്തിമാർഗ്ഗത്തിൽ ഇങ്ങിനെ പറയാറില്ല, അല്ലയോ പരംപിതാ പരമാത്മാ, ഞങ്ങൾക്ക് 21 ജന്മങ്ങളിലേക്ക് സമ്പത്ത് നൽകൂ. നിങ്ങൾ ഇപ്പോൾ അറിഞ്ഞു നമ്മൾ നേരിട്ട് സ്വയത്തെ ഇൻഷ്വർ ചെയ്യുന്നു. എല്ലാവരും പറയാറുണ്ട് ഫലം നൽകുന്നത് ഈശ്വരനാണ്. എല്ലാവർക്കും ഈശ്വരനാണ് നൽകുന്നത്. ഏതെങ്കിലും സാധു സന്യാസിമാരായിക്കോട്ടെ അഥവാ സിദ്ധരാകട്ടെ, നൽകുന്നത് എല്ലാവർക്കും ഈശ്വരനാണ്. ആത്മാവാണ് പറയുന്നത് നൽകുന്നത് ഈശ്വരനെന്ന്. ദാനപുണ്യങ്ങളെല്ലാം ചെയ്യുമ്പോഴും അതിന്റെ ഫലം നൽകുന്നത് ഈശ്വരനാണ്.

ഈ പഠിപ്പിൽ യാതൊരു ചിലവുമില്ല. ബാബ മനസ്സിലാക്കിത്തരികയാണ് ദരിദ്രരാണ് ഇത്രയും ഇൻഷ്വർ ചെയ്യുക. ധനികർ ലക്ഷം ചെയ്യുമ്പോൾ അവർക്ക് ലക്ഷം ലഭിക്കും. ദരിദ്രർ ഒരു രൂപ ചെയ്താലും ധനികർ 5000 ചെയ്താലും രണ്ടും ഫലത്തിൽ തുല്യമാണ്. ദരിദ്രർക്ക് വളരെ സഹജമാണ്, ഒരു ഫീസുമില്ല. ദരിദ്രരും ധനികരും രണ്ടുകൂട്ടരും ബാബയുടെ സമ്പത്ത് പ്രാപ്തമാക്കാൻ അവകാശിയാണ്. എല്ലാറ്റിന്റേയും ആധാരം പഠിപ്പാണ്. ദരിദ്രൻ നന്നായി പഠിക്കുമ്പോൾ അവരുടെ പദവി ധനികരേക്കാളും ഉയർന്നതാകും. പഠിപ്പ് തന്നെയാണ് സമ്പാദ്യം. വളരെ ചെലവ് കുറഞ്ഞതും സഹജവുമായ പഠിപ്പാണ്. കേവലം ഈ മനു

ഷ്യ സൃഷ്ടിവൃക്ഷത്തിന്റെ ആദി-മധ്യ-അന്ത്യത്തെ അറിയണം. ഇത് ഒരു മനുഷ്യരും അറിയുന്നില്ല. ത്രികാലദർശിയാകാൻ ആർക്കും സാധിക്കില്ല. എല്ലാവരും പറയാറുണ്ട് അനന്തമാണ്. മനുഷ്യസൃഷ്ടിയുടെ ബീജം പരമാത്മാവാണ്. ഇത് തലകീഴായ വൃക്ഷമാണ്. എന്നിട്ടും പറയും യഥാർത്ഥരീതിയിൽ അറിയുന്നില്ല. യഥാർത്ഥം ബാബയ്ക്കേ പറയാൻ സാധിക്കൂ, നോളേജ്ഫുള്ളാണ്. എല്ലാറ്റിന്റേയും ആധാരം നിങ്ങൾ കുട്ടികളുടെ പഠിപ്പാണ്. ഇപ്പോൾ നിങ്ങൾ നമ്പർവാർ പുരുഷാർത്ഥമനുസരിച്ച് മനസ്സിലാക്കി. നിങ്ങൾ മാസ്റ്റർ ജ്ഞാനസാഗരനാണ്. എല്ലാവരും ഒരുപോലെയല്ലല്ലോ. ചിലർ വലിയ നദിയാണ്, ചിലർ ചെറിയ നദിയാണ്. പഠിക്കുന്നുണ്ട് എല്ലാവരും അവരവരുടെ പുരുഷാർത്ഥത്തിനനുസരിച്ച്. നിങ്ങൾ കുട്ടികൾക്കറിയാം ഇത് പരിധിയില്ലാത്ത അച്ഛനാണ്. ബാബയുടേതായി മാറി ബാബയുടെ ശ്രീമതം അനുസരിച്ച് നടക്കണം. ചിലർ പറയും ഇവർ പാവം പരവശരാണ്. മായക്ക് വശപ്പെട്ട് തലതിരിഞ്ഞു നടക്കുന്നു. ശ്രീമതം ഭഗവാനുവാചയാണ്. ഇതിലൂടെ ശ്രേഷ്ഠരിൽ ശ്രേഷ്ഠദേവതകളായി മാറുന്നു. എപ്പോൾ ആദ്യം നിശ്ചയമുണ്ടാകുന്നുവോ അപ്പോൾ പിന്നെ ബാബയുമായി മിലനം ചെയ്യണം. ബാബക്ക് മനസ്സിലാക്കാൻ സാധിക്കും ഇവർക്ക് യഥാർത്ഥനിശ്ചയമില്ല. ആത്മാവിന്റെ പിതാവ് ഒന്നാണ്, ഇത് മനസ്സിലാക്കണം. ബാബ വന്ന് സമ്പത്ത് നൽകിക്കൊണ്ടിരിക്കുകയാണ് - ഈ നിശ്ചയത്തിലിരിക്കുന്നത് വളരെ പ്രയാസമാണ്. എപ്പോൾ ഈ നിശ്ചയം ബുദ്ധിയിലുണ്ടാകുന്നു, എഴുതി ബാബയുടെ അടുക്കലേക്ക് ആ കത്തുകൊണ്ട് വരണം. അപ്പോൾ മനസ്സിലാക്കും ഇത് വളരെ ശരിയാണ്, ഇത്രയും സമയം മനസ്സിലാക്കിയത് തെറ്റാണ്. ഈശ്വരൻ സർവ്വവ്യാപിയല്ല. പരിധിയില്ലാത്ത ബാബയാണ്. ഭാരതത്തിൽ കൽപകൽപം സംഗമത്തിൽ പരിധിയില്ലാത്ത ബാബയിലൂടെ സമ്പത്ത് ലഭിക്കുന്നു. സംഗമത്തിൽ ഈ സമയത്താണ് ലഭിച്ചത്. ഇപ്പോൾ വീണ്ടും ലഭിക്കുകയാണ്. ഇത് എഴുതിപ്പിക്കണം. എപ്പോഴും ബാബ സംഗമത്തിലാണ് വരുന്നത്, വന്ന് ബി.കെ.യിലൂടെ സ്വർഗ്ഗത്തിന്റെ രചന ചെയ്യുന്നു. എപ്പോൾ എഴുതിത്തരുന്നുവോ, അപ്പോൾ മനസ്സിലാക്കിക്കൊടുക്കാൻ സാധിക്കും - നിങ്ങൾ ആരുടെ അടുക്കലേക്കാണ് വന്നത്, എന്ത് നേടാനാണ് വന്നത്?

ഈശ്വരന്റെ രൂപം നിരാകാരമാണ്, ഈശ്വരന്റെ രൂപത്തെ അറിയാത്തതുകാരണം ബ്രഹ്മതത്വം എന്ന് പറയുന്നു. കുട്ടികൾക്ക് മനസ്സിലാക്കിത്തന്നു കഴിഞ്ഞു ബാബ ബിന്ദുവാണ്. ഈ കാര്യം ആരുടേയും ബുദ്ധിയിലലുണ്ടായിരിക്കില്ല. പരമാത്മാ ഒരു ബിന്ദുവാണ്. ആത്മാവിനെയാണ് പറയുന്നത് - തിളങ്ങുന്ന നക്ഷത്രം ഭ്രൂമദ്ധ്യത്തിൽ. അതൊരു ചെറിയ വസ്തുവാണ്. ചിന്തിക്കണം - പാർട്ട് അഭിനയിക്കുന്നത് ആരാണ്. ഇത്രയും ചെറിയ ഒരു ആത്മാവിൽ എത്ര അവിനാശിയായ പാർട്ട് അടങ്ങിയിട്ടുണ്ട് ഈ കാര്യത്തിൽ എപ്പോൾ ആര് ആഴത്തിലേക്കു പോകുന്നുവോ അവർക്ക് അതിനെക്കുറിച്ച മനസ്സിലാക്കിക്കൊടുക്കണം. നിങ്ങൾ ആത്മാവിൽ 84 ജന്മങ്ങളുണ്ട്, ഈ മുഴുവൻ പാർട്ടും ചെറിയൊരു ബിന്ദുവായ ആത്മാവിൽ അന്തർലീനമാണ്. പിന്നെയത് വീണ്ടും പ്രത്യക്ഷമാകുന്നു. ഈ കാര്യത്തിൽ മനുഷ്യർ അത്ഭുതപ്പെടും. ഈ കാര്യം ആരും മനസ്സിലാക്കുന്നില്ല. 84 ജന്മത്തിന്റെ പാർട്ട് ആവർത്തിക്കുന്നതാണ്. ഇത് ഉണ്ടായതും ഉണ്ടാക്കപ്പെട്ടതുമായ ഡ്രാമയാണ്. ആത്മാവിൽ എങ്ങനെയാണ് പാർട്ട് അടങ്ങിയിരിക്കുന്നത് - ഇത് കേട്ട് മനുഷ്യർ അത്ഭുതപ്പെടും. ആത്മാവാണ് പറയുന്നത്, ഞാൻ ആത്മാവ് ഒരു ശരീരം ഉപേക്ഷിച്ച് മറ്റൊന്നെടുക്കുന്നു. ഇത് ആത്മാവായ എന്നിൽ അടങ്ങിയ പാർട്ടാണ് ഡ്രാമയനുസരിച്ച് ആവർത്തിക്കുന്നു. ഈ കാര്യം ദുർബ്ബലബുദ്ധിയുള്ളവർക്ക് ഒരിക്കലും ധാരണ ചെയ്യാൻ സാധിക്കില്ല. ഇത് സ്മരിക്കണം - നമ്മൾ എങ്ങിനെയാണ് 84 ജന്മത്തിന്റെ പാർട്ട് അഭിനയിക്കുന്നത്, ശരീരത്തെ ധാരണ ചെയ്യുന്നത്. എപ്പോഴാണോ ഈ സ്മരണ നടന്നുകൊണ്ടേയിരിക്കുന്നത്, അപ്പോൾ പറയാം പൂർണ്ണമായും ത്രികാലദർശിയാണ്. മറ്റുള്ളവരേയും ത്രികാലദർശിയാക്കിമാറ്റാൻ പുരുഷാർത്ഥം ചെയ്തുകൊണ്ടിരിക്കുകയാണ്. മനസ്സിലാക്കിക്കൊടുക്കാൻ കുട്ടികൾക്ക് ധൈര്യം വേണം. അന്ധന്മാരുടെ ഊന്നുവടിയായി മാറി ഉറക്കത്തിൽനിന്ന് ഉണർത്തണം.

ഉണരൂ സജിനിമാരേ, ഇപ്പോൾ പുതിയ ലോകത്തിന്റെ സ്ഥാപന നടക്കുകയാണ്. പഴയ ലോകത്തിന്റെ വിനാശം നടന്നുകൊണ്ടിരിക്കുകയാണ് നിങ്ങൾ ത്രിമൂർത്തി ബ്രഹ്മാ-വിഷ്ണു-ശങ്കരന്റെ പേര് കേട്ടിട്ടില്ലേ. ബ്രഹ്മാവിലൂടെ സ്ഥാപനയുണ്ടാകുന്നു. ഇതെല്ലാം ബ്രഹ്മാകുമാരന്മാരും കുമാരിമാരുമല്ലേ. ഒറ്റക്ക് ബ്രഹ്മാവ് ഒന്നും ചെയ്യുന്നില്ല. പ്രജാപിതാവിനോടൊപ്പം ബ്രഹ്മാകുമാരന്മാരും കുമാരിമാരും ഉണ്ട് ഇവർക്ക് തീർച്ചയായും പിതാവും ഉണ്ടാകും, ഇവരെ പഠിപ്പിക്കുന്ന ആളും ഉണ്ടാകും. ഈ ബ്രഹ്മാവിനെ ജ്ഞാനത്തിന്റെ സാഗരൻ എന്ന് പറയാൻ സാധിക്കില്ല. ബ്രഹ്മാവിന്റെ കൈകളിൽ ശാസ്ത്രങ്ങൾ കാണിച്ചിരിക്കുന്നു. ബ്രഹ്മാവ് എവിടെ നിന്ന് പഠിച്ചു? ബ്രഹ്മാവിനും പിതാവും ഗുരുവും ഉണ്ടാകില്ലേ? പ്രജാപിതാവ് തീർച്ചയായും മനുഷ്യനായിരിക്കും. ഇവിടെത്തന്നെയുണ്ടാകും, ബ്രഹ്മാവാണ് പ്രജകളെ രചിക്കുന്നത്. ബ്രഹ്മാവിനെ രചയിതാവെന്നോ, ജ്ഞാനസാഗരനെന്നോ, നോളേജ്ഫുള്ളെന്നോ പറയാൻ സാധിക്കില്ല. ജ്ഞാനസാഗരൻ പരംപിതാ പരമാത്മാവാണ്. ബാബ വന്ന് പ്രജാപിതാ ബ്രഹ്മാവിലൂടെ പഠിപ്പിക്കുകയാണ്. ഇതിനെയാണ് ജ്ഞാനകലശം എന്ന് പറയുന്നത്. എല്ലാറ്റിന്റേയും ആധാരം ധാരണയാണ്. ഇൻഷർ ചെയ്യൂ, ചെയ്യാതിരിക്കൂ അത്

നിങ്ങളുടെ ഇഷ്ടം. ബാബ വളരെ നല്ല രീതിയിൽ ഇൻഷ്വർ ചെയ്തു. ഇൻഷ്വർ ചെയ്യുന്നതിൽ പ്രമുഖനാണ്, ഭക്തിമാർഗ്ഗത്തിലും ജ്ഞാനമാർഗ്ഗത്തിലും. ബാബയെ എല്ലാ ആത്മാക്കളും ഭക്തിമാർഗ്ഗത്തിലും ഓർമ്മിക്കുന്നുണ്ട്. ബാബ വന്ന് എല്ലാവരേയും ദുഃഖത്തിൽനിന്ന് മോചിപ്പിക്കുന്നു. ബാബ സമ്പത്ത് നൽകുകയാണ്, ശാന്തിധാമത്തിലേക്കും സുഖധാമത്തിലേക്കും പറഞ്ഞയക്കുന്നു. ആർക്ക് ശാന്തിയുടെ സമ്പത്ത് ലഭിക്കുന്നോ അവർക്ക് കൽപകൽപം ശാന്തിയുടെ സമ്പത്ത് ലഭിക്കും. നിങ്ങൾ ഇപ്പോൾ പുരുഷാർത്ഥം ചെയ്തുകൊണ്ടിരിക്കുകയാണ് സുഖത്തിന്റെ സമ്പത്ത് നേടുന്നതിനുവേണ്ടി. ഇവിടെ പഠിക്കണം പഠിപ്പിക്കണം. എങ്ങിനെയാണോ ബാബ അതിമധുരം അതേപോലെ ബാബയുടെ രചനയും അതിമധുരമായിരിക്കണം. സ്വർഗ്ഗം എത്ര മധുരമാണ്? സ്വർഗ്ഗം എന്ന പേര് എല്ലാവരും മുഖത്തിലൂടെ പറയാറുണ്ട്. ആരെങ്കിലും മരിച്ചാർ പറയും സ്വർഗ്ഗവാസിയായി. അതിനർത്ഥം തീർച്ചയായും നരകത്തിലായിരുന്നു, ഇപ്പോൾ സ്വർഗ്ഗത്തിലേക്ക് പോയി. പോയിട്ടില്ല എന്നിട്ടും പറയുന്നു. നിങ്ങൾ എഴുതണം തീർച്ചയായും നരകത്തിലായിരുന്നു. ഇത് നരകമാണ്. അവരെ വീണ്ടും ഇവിടെ യാചിക്കുന്നതിനായി, കഴിപ്പിക്കുന്നതിനായി എന്തിനു പരിശ്രമിക്കുന്നു? പിതൃക്കളെ വിളിക്കാറില്ലേ? ആത്മാവിനെ വിളിക്കുന്നതാണ് പിതൃക്കളെ വിളിക്കുക.നിങ്ങൾ എല്ലാ പിതൃക്കളുടേയും പിതാവിനെ വിളിക്കുന്നു. എല്ലാ ആത്മാക്കളുടേയും ബാബ നിങ്ങളെ പഠിപ്പിക്കുകയാണ്. നിങ്ങൾ എത്ര ഗുപ്തസേനയാണ്, ശിവശക്തികളാണ്. ശിവൻ നിരാകാരനല്ലേ. നിങ്ങൾ ശക്തികൾ ബാബയുടെ കുട്ടിയാണ്. ശക്തി ആത്മാവിലാണ് വരുന്നത്. മനുഷ്യർ ഭൗതികശക്തി കാണിക്കുന്നു. നിങ്ങൾ ആത്മീയ ശക്തി കാണിക്കുന്നു. നിങ്ങളുടേത് യോഗബലമാണ്. യോഗം വെക്കുന്നതിലൂടെ നിങ്ങൾ ആത്മാ പവിത്രമായി മാറും. ആത്മാവിൽ മൂർച്ച വരും. നിങ്ങളുടെ മമ്മയിൽ ജ്ഞാനമാകുന്ന വാളിൽ എല്ലാവരേക്കാളും മൂർച്ച കൂടുതലാണ്. ഇത് സ്ഥൂലമായ കഠാരിയുടേയോ വാളിന്റെയോ കാര്യമല്ല.

ആത്മാവിന് വിവേകമുണ്ട്, എന്നിൽ ജ്ഞാനത്തിന്റെ ശംഖധ്വനി ചെയ്യാനുള്ള നല്ല ശക്തിയുണ്ട്. നമുക്ക് ശംഖധ്വനി ചെയ്യാൻ സാധിക്കണം. ചിലർ പറയാറുണ്ട് എനിക്ക് ശംഖധ്വനി ചെയ്യാൻ സാധിക്കില്ല. ബാബ പറയുകയാണ് ജ്ഞാനത്തിന്റെ ശംഖധ്വനി ചെയ്യുന്നവർ എനിക്ക് അതിപ്രിയരാണ്. എന്റെ പരിചയം ജ്ഞാനത്തിലൂടെ കൊടുക്കണം. പരിധിയില്ലാത്ത ബാബയെ ഓർമ്മിക്കൂ, ഇതും ജ്ഞാനം കൊടുക്കലല്ലേ? ബാബയെ ഓർമ്മിക്കണം, ഇതിൽ വായകൊണ്ട് ഒന്നും പറയേണ്ട ആവശ്യമില്ല. ഉള്ളിൽ മനസ്സിലാക്കണം – ബാബ നമുക്ക് നോളേജ് തന്നുകൊണ്ടിരിക്കുകയാണ്. ബാബ പറയുന്നു നിങ്ങൾക്ക് തിരിച്ചുപോകണം. എന്നെ മാത്രം ഓർമ്മിക്കൂ എങ്കിൽ വികർമ്മം വിനാശമാകും. ഭഗവാനുവാച – മൻമനാഭവ. തീർച്ചയായും ബാബ നിരാകാരനായിരിക്കും. സാകാരത്തിൽ എങ്ങനെ പറയും എന്നെ ഓർമ്മിക്കൂ? നിരാകാരനാണ് പറയുന്നത് – അല്ലയോ ആത്മാക്കളേ എന്നെ ഓർമ്മിക്കൂ. ഞാൻ നിങ്ങളുടെ പിതാവാണ്. എന്നെ ഓർമ്മിക്കുകയാണെങ്കിൽ അന്തിമത്തിൽ ഗതിയുണ്ടാകും. കൃഷ്ണന് ഇങ്ങനെ പറയാൻ സാധിക്കില്ല. കൃഷ്ണൻ മനുഷ്യനല്ലേ? നിങ്ങൾ ആത്മാക്കൾ ഈ ശരീരത്തിലൂടെ പറയുന്നു, അതായത് ശരീരത്തിന്റെ ആത്മാവേ തന്റെ പിതാവിനെ ഓർമ്മിക്കൂ. ബാബ ആത്മാക്കളോട് പറയുകയാണ് മൻമനാഭവ. നിങ്ങൾ ആത്മാക്കൾക്ക് എന്റെ അടുക്കലേക്ക് വരണം, ദേഹി അഭിമാനിയാകണം. നല്ല രീതിയിൽ പ്രാക്ടീസ് ചെയ്യണം. ഞാൻ ആത്മാവ് ഈ ശരീരത്തെ ചലിപ്പിക്കുന്നു. ഇപ്പോൾ എനിക്ക് തിരിച്ച് ബാബയോടൊപ്പം പോകണം. ബാബ പറയുകയാണ്. നടക്കുമ്പോഴും കറങ്ങുമ്പോഴും എഴുന്നേൽക്കുമ്പോഴും, ഇരിക്കുമ്പോഴും എന്നെ മാത്രം ഓർമ്മിക്കൂ. ആരാണോ അശാന്തി പരത്തുന്നവർ അവർ തന്റെ പദവിയെ ഭ്രഷ്ടമാക്കുന്നു. ഇതിൽ വളരെ വളരെ മധുരമുള്ളവരായി മാറണം. പാടാറില്ലേ – എത്ര മധുരം, എത്ര സ്നേഹി, ശിവഭോലാ ഭഗവാൻ.. നിങ്ങളും ബാബയുടെ കുട്ടികൾ നിഷ്കളങ്കരാണ്. ഫസ്റ്റ്ക്ളാസ്സ് വഴി പറഞ്ഞു തരികയാണ് ബാബയെ ഓർമ്മിക്കൂ എങ്കിൽ സ്വർഗ്ഗത്തിന്റെ അധികാരിയായി മാറാം. ആർക്കും ഇങ്ങനെയൊരു കച്ചവടം ചെയ്യാൻ സാധിക്കില്ല. ബാബയെ വളരെ നന്നായി ഓർമ്മിക്കണം, ഇതിലൂടെ ഇത്രയും നല്ല സുഖം ലഭിക്കുന്നു, ബാബയെത്തന്നെയാണ് ഓർമ്മിച്ചത്, പതീതപാവനാ വരൂ എന്ന് പറഞ്ഞ്. ആത്മാവാണ് പതീതമായി മാറുന്നത്, അതിനോടൊപ്പം ശരീരവും പതീതമായി മാറി. ആത്മാവും ശരീരവും രണ്ടും പതീതമായി മാറി. ലോകത്തിലുള്ളവർ പറയും ആത്മാവ് നിർലേപമാണ്, പതീതമായി മാറില്ല. പക്ഷേ അങ്ങിനെയല്ല ഒരു പരംപിതാ പരമാത്മാവിൽമാത്രം ഒരിക്കലും ക്ളാവുണ്ടാകുന്നില്ല. ബാക്കി എല്ലാവരിലും ക്ളാവ് പിടിക്കും. ഓരോരുത്തർക്കും സതോ രജോ തമോയിലേക്ക് വരണം. ഈ എല്ലാ പോയിന്റും ധാരണ ചെയ്ത് വളരെ മധുരമുള്ളവരായി മാറണം. ഇങ്ങനെയാകരുത്, ചിലരോട് ശത്രുത, ചിലരോട് മിത്രത. ദേഹാഭിമാനത്തിലേക്ക് വന്ന് ഇവിടെയിരുന്ന് ആരുടെയെങ്കിലും സേവനം എടുക്കുന്നത് വളരെ തെറ്റാണ്. ശരി!

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണക്കുള്ള മുഖ്യ സാരം:-

1) ജ്ഞാനത്തെ സ്മരിച്ച് ത്രികാലദർശിയായി മാറണം, മാറ്റണം. അന്ധന്മാരുടെ ഊന്നുവടിയായി മാറി അവരെ അജ്ഞാനത്തിന്റെ ഉറക്കത്തിൽ നിന്ന് ഉണർത്തണം.

2) 21 ജന്മങ്ങളിലേക്കുവേണ്ടി എല്ലാം ഇൻഷ്വർ ചെയ്യണം, ഒപ്പം ജ്ഞാനത്തിന്റെ ശംഖധ്വനി മുഴക്കണം.

## വരദാനം:- തന്റെ ഉത്തരവാദിത്വങ്ങളുടെ എല്ലാ ഭാരവും ബാബയ്ക്ക് നൽകി സദാ നിശ്ചിന്തമായി കഴിയുന്ന സഫലതാ സമ്പന്ന സേവാധാരിയായി ഭവിക്കൂ

ഏത് കുട്ടികളാണോ സ്വയം എത്രത്തോളം ഭാരരഹിതമായിരിക്കുന്നത്, അത്രയും സേവനവും സ്വയവും സദാ ഉയർന്നുകൊണ്ടിരിക്കുന്നു അർത്ഥം ഉന്നതി പ്രാപിച്ചുകൊണ്ടിരിക്കുന്നു അതുകൊണ്ട് എല്ലാ ഉത്തരവാദിത്വങ്ങളും ബാബയ്ക്ക് നൽകി സ്വയം നിശ്ചിന്തമായിരിക്കൂ. ഏതൊരു പ്രകാരത്തിലുമുള്ള ഞാനെന്ന ഭാരവും ഉണ്ടായിരിക്കരുത്. കേവലം ഓർമ്മയുടെ ലഹരിയിൽ കഴിയൂ. ബാബയോടൊപ്പം കമ്പയിൻഡായി കഴിയൂ അപ്പോൾ എവിടെ ബാബയുണ്ടോ അവിടെ സേവനം സ്വതവേ തന്നെ അടങ്ങിയിട്ടുണ്ട്. ചെയ്യുന്നവനും ചെയ്യിപ്പിക്കുന്നവനും ചെയ്യിച്ചുകൊണ്ടിരിക്കുന്നു അപ്പോൾ ഭാരരഹിതവുമായിരിക്കും സഫലതാ സമ്പന്നവുമായിരിക്കും.

## സ്ലോഗൻ:- പരിധിയില്ലാത്ത ഡ്രാമയുടെ ഓരോ ദൃശ്യത്തെയും നിശ്ചിതമാണെന്ന് അറിഞ്ഞ് സദാ നിശ്ചിന്തമായി കഴിയൂ.